പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 49 — 13-10-2026-ൽ മറുപടിയ്ക്ക്

**<u>ഓപ്പറേഷൻ ഡി ഹണ്ട് 2026</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** — **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ — ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനോടൊപ്പം വിതരണക്കാരെയും പ്രധാന വിതരണ ശൃംഖലകളെയും ഉറവിടങ്ങളെയും കണ്ടെത്തുന്നതിനായി പ്രത്യേക അന്വേഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിനോടൊപ്പം വിതരണക്കാരെയും പ്രധാന വിതരണ ശൃംഖലകളെയും ഉറവിടങ്ങളെയും കണ്ടെത്തുന്നതിനായി പ്രത്യേക അന്വേഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി **ഡിസ്ട്രിക്റ്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിന്റെയും സ്റ്റേറ്റ് ആന്റി നാർക്കോട്ടിക് സെല്ലിന്റെയും** പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സംവിധാനവും നിലവിലുണ്ട്. **9497979794, 9497927797** എന്നീ നമ്പറുകളിൽ വിളിച്ചും **9995966666** എന്ന നമ്പരിൽ WhatsApp മുഖേനയും വിവരങ്ങൾ അറിയിക്കാവുന്നതാണ്. ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തരമായി പരിശോധനയും അന്വേഷണവും നടത്തി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

മയക്കുമരുന്ന് കടത്ത് ശൃംഖലകൾ, അവയുടെ ഉറവിടങ്ങൾ, സ്ഥിരം കുറ്റവാളികൾ, സാമ്പത്തിക ഇടപാടുകൾ, അന്തർസംസ്ഥാന-അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവ കണ്ടെത്തുന്നതിനും വിവരാധിഷ്ഠിത എൻഫോഴ്സ്മെന്റ് നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി **FINEX, NATGRID, NIDAAN, EGMONT, MAC 2.0** തുടങ്ങിയ ഡാറ്റാബേസുകളും വിവരപങ്കിടൽ സംവിധാനങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുന്നു. വിവരശേഖരണം, ഡാറ്റാ വിശകലനം, സാമ്പത്തിക അന്വേഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ അന്വേഷണം നടത്തി മയക്കുമരുന്ന് വിതരണ ശൃംഖലകൾക്കെതിരെ നടപടി ഉറപ്പാക്കുന്നതിനും ഈ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ജില്ലാ പോലീസിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**(ബി)** സ്കൂൾ, കോളേജ്, ഹോസ്റ്റൽ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശോധനയും നിരീക്ഷണവും എത്രത്തോളം ശക്തമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

<u>**മറുപടി:**</u> ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി സ്കൂൾ, കോളേജ്, ഹോസ്റ്റൽ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗും കർശന പരിശോധനയും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്. വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, പൊതുകളിസ്ഥലങ്ങൾ എന്നിവയുടെ പരിസരത്തെ വ്യാപാരസ്ഥാപനങ്ങളിൽ നിരോധിത മയക്കുമരുന്നുകളും പുകയില ഉൽപ്പന്നങ്ങളും വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തു ന്നതിനായി **COTPA & NDPS Special Drive** നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ റെയ്ഡുകൾ നടത്തി കേസുകൾ രജിസ്റ്റർ ചെയ്യുകയും കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സ്കൂൾ പ്രവർത്തനസമയം ആരംഭിക്കുന്നതിന് മുമ്പും അവസാനിച്ചതിന് ശേഷവും സാമൂഹ്യവിരുദ്ധർ വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ജില്ലകളിലെ **SOG ടീമുകളെ മഫ്തിയിൽ വിന്യസിച്ചിട്ടുള്ളതും,** വിവിധ ജില്ലകളിൽ സ്കൂൾ പരിസരങ്ങളിൽ ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനായി **DANSAF, യോദ്ധാവ് ടീം** അംഗങ്ങളെ നിരന്തരം നിയോഗിച്ചിട്ടുള്ളതുമാണ്.

ലഹരി വിതരണത്തിലും കടത്ത് ശൃംഖലകളിലും കുട്ടികളെ കാരിയർമാരായി ഉപയോഗിക്കുന്നത് തടയുന്നതിനായി **PHQ Circular 16/2011** പ്രകാരം എല്ലാ സ്കൂളുകളിലും **School Protection Groups (SPG)**-ഉം **PHQ Circular 15/2025** പ്രകാരം കോളേജുകളിൽ **College Protection Groups (CPG)**-ഉം രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ്, ഹോസ്റ്റൽ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗിനുപുറമെ ജനമൈത്രി സമിതി, SPG, SPC, NSS തുടങ്ങിയ സംവിധാനങ്ങളുടെ സഹകരണത്തോടെ നിരീക്ഷണവും ബോധവൽക്കരണ പരിപാടികളും ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. **യോദ്ധാവ്, SPC, School Protection Group** തുടങ്ങിയ സംവിധാനങ്ങളെ ഉൾപ്പെടുത്തി 'No to Drugs' കാമ്പയിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ലഹരി വിതരണത്തിലും കടത്ത് ശൃംഖലകളിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ബസ് സ്റ്റാൻഡുകളും റെയിൽവേ സ്റ്റേഷനുകളും കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും രഹസ്യാന്വേഷണ വിഭാഗത്തിന്റെ നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, **സർപ്രൈസ് ചെക്കുകൾ, നാർക്കോട്ടിക് സ്നിഫർ ഡോഗുകളുടെ സഹായത്തോടെയുള്ള പരിശോധനകൾ** എന്നിവ ഉൾപ്പെടെയുള്ള ഫലപ്രദമായ പരിശോധനകളും നടത്തിവരുന്നു. മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി അറിയിക്കുന്നതിനായി **ടോൾ ഫ്രീ നമ്പർ 7620-300-800, National Narcotics Helpline 1933,** കൂടാതെ **ADGP (L&O) ഓഫീസിലെ Anti-Narcotic Cell-ന്റെ 9497979794, 9497927797** എന്നീ നമ്പറുകളും നിലവിലുണ്ട്. ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധനയും നിയമനടപടികളും സ്വീകരിച്ചുവരുന്നു.

**(സി)** മയക്കുമരുന്ന് കേസുകളിൽ ആവർത്തിച്ച് പ്രതികളാകുന്നവർ, വൻതോതിൽ ലഹരി വിതരണം നടത്തുന്ന സംഘങ്ങൾ എന്നിവരെ തിരിച്ചറിഞ്ഞ് അവർക്കെതിരെ സ്വത്ത് കണ്ടുകെട്ടൽ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

<u>**മറുപടി:**</u> ഉണ്ട്.

മയക്കുമരുന്ന് കേസുകളിൽ ആവർത്തിച്ച് പ്രതികളാകുന്നവരെയും വൻതോതിൽ ലഹരി വിതരണം നടത്തുന്ന സംഘങ്ങളെയും തിരിച്ചറിഞ്ഞ്, അവർക്കെതിരെ **NDPS Act-ലെ Sections 31, 34, 68F, PIT NDPS Act-ലെ Section 3(1), KAA(P)A** എന്നിവ ഉൾപ്പെടെയുള്ള നിയമവ്യവസ്ഥകൾ പ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അർഹരായ പ്രതികൾക്കെതിരെ **സ്വത്ത് കണ്ടുകെട്ടൽ, കരുതൽ തടങ്കൽ, ജാമ്യം റദ്ദാക്കുന്നതിനുള്ള നടപടികൾ** എന്നിവയും

സ്വീകരിച്ചുവരുന്നു. കൂടാതെ, ആവർത്തിച്ച് മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെടുന്ന പ്രതികൾക്കെതിരെ **BNSS-ലെ Sections 126, 129** പ്രകാരമുള്ള നടപടികൾക്കും **Rowdy History Sheet, Bail Cancellation** ഉൾപ്പെടെയുള്ള നിയമനടപടികൾക്കും വിധേയമാക്കിവരുന്നു. കരുതൽ തടങ്കലിനും സ്വത്ത് കണ്ടുകെട്ടലിനും നിയമപരമായി അർഹരായ പ്രതികളെ കണ്ടെത്തി, **PIT NDPS Act-ലെ Section 3(1), NDPS Act-ലെ Section 68F** എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും സംഘടിത ലഹരി വിതരണ ശൃംഖലകളെയും ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട്.

**(ഡി)** ലഹരിക്ക് അടിമപ്പെട്ട വ്യക്തികളെ കണ്ടെത്തി അവർക്ക് ചികിത്സ, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** കേരള സംസ്ഥാനത്തെ ലഹരിമുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ നേതൃത്വത്തിൽ കേരള പോലീസുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന **'ഓപ്പറേഷൻ ത്തുഫാൻ – ദി നാർക്കോ ഹണ്ട്'** പദ്ധതിയുടെ ഭാഗമായി ലഹരിക്ക് അടിമപ്പെട്ട വ്യക്തികളെ കണ്ടെത്തി അവർക്ക് ചികിത്സ, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ **'ത്തുഫാൻ കെയർ'** ഘടകത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ **Indian Medical Association Representative (Convener), District Medical Officer, Deputy Director of Education, Representative of Indian Association of Psychiatrists, Representative of Indian Association of Paediatrics** എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ആവശ്യമായ ചികിത്സ, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ആരോഗ്യവകുപ്പിന്റെയും സാമൂഹികനീതിവകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. കൂടാതെ, ലഹരിക്ക് അടിമപ്പെട്ട വ്യക്തികൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതിനായി സബ് ഡിവിഷൻ തലത്തിൽ പ്രവർത്തിക്കുന്ന **സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളിലെ കൗൺസിലർമാർക്കും Gender Awareness State Plan Scheme പ്രകാരം നിയമിച്ചിട്ടുള്ള കൗൺസിലർമാർക്കും** ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അവരുടെ നേതൃത്വത്തിൽ കൗൺസിലിംഗ് സേവനങ്ങൾ നൽകിവരുന്നതുമാണ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ട് സ്വമേധയാ ചികിത്സയ്ക്ക് തയ്യാറാകുന്ന വ്യക്തികളെ ഡി-അഡിക്ഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകുകയും, ചികിത്സ പൂർത്തിയാക്കിയതിനെ തുടർന്ന് **NDPS Act-ലെ Section 64A** പ്രകാരം കേസിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ റിപ്പോർട്ട് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചുവരികയും ചെയ്യുന്നു. ഇതുവഴി ലഹരി ഉപയോഗം തടയുന്നതിനൊപ്പം ലഹരിക്ക് അടിമപ്പെട്ട വ്യക്തികളുടെ ചികിത്സ, കൗൺസിലിംഗ്, പുനരധിവാസം എന്നിവ ഏകോപിതമായി ഉറപ്പാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിലും സബ് ഡിവിഷൻ തലത്തിലും നടപ്പിലാക്കി വരുന്നു.

**(ഇ)** പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൻെറ ഫലപ്രാപ്തി വിലയിരുത്താനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള അളവുകോലുകൾ എന്തൊക്കെയെന്നും പ്രസ്തുത പദ്ധതി രണ്ടാം ഘട്ടത്തിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

**മറുപടി:** ത്തുഫാൻ പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി പദ്ധതി ആരംഭിച്ചതിനുശേഷം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം,

പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെ അളവ്, സ്കൂൾ-കോളേജ് പരിസരങ്ങളിലെ ലഹരി വിൽപ്പന കേന്ദ്രങ്ങൾ ഇല്ലാതാക്കുന്നതിൽ കൈവരിച്ച നേട്ടം, ചികിത്സ, പുനരധിവാസം, കൗൺസിലിംഗ് എന്നിവയുടെ പുരോഗതി, ജനപങ്കാളിത്തം, തൂഫാൻ വാരിയർമാരുടെ എണ്ണം, ലഹരി വിൽപ്പനയും ഉപയോഗവും സംബന്ധിച്ച് ലഭിച്ച കോളുകൾ, സന്ദേശങ്ങൾ എന്നിവ പ്രധാന അളവുകോലുകളായി പരിഗണിക്കാവുന്നതാണ്

തൂഫാൻ 2.0 തദ്ദേശം എന്നത് മയക്കുമരുന്ന് മാഫിയക്കെതിരെയുള്ള കേരള സർക്കാരിന്റെ പ്രമുഖ ബോധവൽക്കരണ-പ്രതിരോധ ദൗത്യമായ 'ഓപ്പറേഷൻ തൂഫാൻ' (Operation Toofan)-ന്റെ രണ്ടാം ഘട്ടമാണ്.

പോലീസ് സേനയുടെ മാത്രം നടപടികളിൽ ഒതുക്കാതെ, ലഹരിക്കെതിരെയുള്ള പോരാട്ടം ഓരോ തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കും വീടുകളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് 'തൂഫാൻ തദ്ദേശം' എന്ന രണ്ടാം ഘട്ടത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി ആഭ്യന്തര വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് പ്രവർത്തിക്കുന്നത്.

പ്രധാന ലക്ഷ്യങ്ങളും സവിശേഷതകളും

- ജനകീയ പങ്കാളിത്തം (തൂഫാൻ സമിതികൾ):- തദ്ദേശ സ്ഥാപനങ്ങൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, ഹരിതകർമ്മ സേന എന്നിവയുടെ സഹകരണത്തോടെ ഓരോ വാർഡിലും 'തൂഫാൻ ജനജാഗ്രതാ സമിതികൾ' രൂപീകരിക്കുകയും 'തൂഫാൻ ഗ്രാമസഭകൾ' വിളിച്ചുചേർക്കുകയും ചെയ്യും.
- തൂഫാൻ വാരിയേഴ്സ് (Toofan Warriors):- ജനപ്രതിനിധികൾ, തദ്ദേശ സ്ഥാപന അധ്യക്ഷന്മാർ, പൊതുജനങ്ങൾ എന്നിവരെയെല്ലാം ലഹരിവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമാക്കി 'തൂഫാൻ വാരിയേഴ്സ്' ആയി പ്രഖ്യാപിക്കുന്നു.
- തൂഫാൻ കെയർ (Toofan Care):- ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി അവർക്ക് മികച്ച ചികിത്സയും കൗൺസിലിംഗും ശാസ്ത്രീയമായ പുനരധിവാസവും ഉറപ്പാക്കുന്ന പദ്ധതിയാണിത്. ഇതിനായി ഐ.എം.എ (IMA) പ്രോട്ടോക്കോൾ അനുസരിച്ച് വിവിധ ആശുപത്രികളിൽ ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്.
- ക്യാമ്പസുകളിലെ നിരീക്ഷണം: വിദ്യാലയങ്ങളിലും കോളേജ് ക്യാമ്പസുകളിലും ലഹരി വിരുദ്ധ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ സി.സി.ടി.വി (CCTV) ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നു.
- തൂഫാൻ മെന്റർ (Toofan Mentor):- ലഹരിവിമോചന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ പോലീസ് സ്റ്റേഷനിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് പോലീസുകാർക്ക് പ്രത്യേക പരിശീലനം നൽകുന്നു.

ചുരുക്കത്തിൽ, ലഹരിയുടെ വിതരണ ശൃംഖല തകർക്കുന്നതിനൊപ്പം പ്രാദേശിക കൂട്ടായ്മകളിലൂടെ ലഹരി ഉപയോഗം പ്രാരംഭ ഘട്ടത്തിൽ തന്നെ തടയുകയും ലഹരിക്ക് അടിമപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**(എഫ്)** ഓപ്പറേഷൻ തൂഫാൻ നടപ്പിലാക്കിയിട്ടും സംസ്ഥാനത്ത് ലഹരി വിതരണ ശൃംഖല പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം കഴിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>**മറുപടി:**</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**സെക്ഷൻ ഓഫീസർ**